LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പ

5 (4060) ശ്രീ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സഹകരണ ബാങ്കുകൾവഴി വിദ്യാർത്ഥികൾക്ക് ഈടില്ലാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന ഈടില്ലാതെ പരമാവധി 4.50 ലക്ഷം രൂപവരെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബ വാർഷിക വരുമാനം 4 ലക്ഷം രൂപ വരെയുള്ള വർക്കും 4.50 ലക്ഷം രൂപവരെ വായ്പ ആവശ്യമുള്ളവർക്കുമാണ് ഈടില്ലാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്.

ത്രിവേണി കോഫി ഹൗസുകൾ

6 (4061) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള ത്രിവേണി കോഫി ഹൗസുകൾ ഇപ്പോൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും ഇവ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ത്രിവേണി കോഫി ഹൗസുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു :

1. സഹകരണ മെഡിക്കൽ കോളേജ് കാംപസ്, കളമശ്ശേരി, എറണാകുളം

2. കൺസ്യൂമർഫെഡ് ഹെഡാഫീസ് ബിൽഡിംഗ്, ഗാന്ധിനഗർ, എറണാകുളം.

3. കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല

4. കൊച്ചിൻ യൂണിവേഴ്സിറ്റി കാംപസ്, തൃക്കാക്കര, എറണാകുളം

5. ഇളംപല്ലൂർ, കുണ്ടറ, കൊല്ലം.

എൻ.സി.ഡി.സിയുടെ സാമ്പത്തിക സഹായത്തോടെ മറ്റ് 5 പ്രമുഖ കേന്ദ്രങ്ങളിൽ കൂടി ഈ വർഷംതന്നെ ത്രിവേണി കോഫി ഹൗസുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.